IT

# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 217 01.12.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവ റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ, പണമിടപാട് സ്ഥാപനങ്ങൾ എന്നിവക്കെതിരെ **ഓപ്പറേഷൻ കുബേര**യിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് പോലുള്ള സ്ഥാപനങ്ങൾ ഇടപാടുകാരിൽ നിന്ന് അമിതമായ പലിശ ഈടാക്കുന്നു എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | |
| (സി) മോട്ടാർ വാഹനങ്ങൾക്ക് സാമ്പത്തിക വായ്പ നൽകുന്ന സ്ഥാപനങ്ങൾ കൊള്ളപ്പലിശ ഈടാക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) സാധാരണക്കാരുടെ വാഹന വായ്പ ഉൾപ്പെടെയുള്ള സാമ്പത്തിക ആവശ്യങ്ങൾ ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ നടത്തണമെന്ന് പൊതുജനങ്ങളെ ബോധവൽക്കരിച്ചു വരികയാണ്. ഇത്തരം അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ